# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 373 — 11-06-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം — ഉത്തരം

ശ്രീ.കെ.വി. വിജയദാസ് — ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിരിച്ചെടുക്കാനുള്ള വൈദ്യുതി കുടിശ്ശികയുടെ വിശദ വിവരം പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, സ്വകാര്യ വ്യക്തികൾ എന്ന ക്രമത്തിൽ നൽകുമോ ;

(എ) 31.03.2013-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിന് പലിശ കൂടാതെ രൂപ.1383 കോടി പിരിഞ്ഞു കിട്ടാനുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| (i) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | രൂപ 105.33 കോടി |
| (ii) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും | രൂപ 621.02 കോടി |
| (iii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | രൂപ 7.08 കോടി |
| (iv) കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ | രൂപ 0.59 കോടി |
| (v) കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | രൂപ 25.89 കോടി |
| (vi) അന്തർ സംസ്ഥാന ഊർജ്ജ വ്യപാരം | രൂപ 4.76 കോടി |
| (vii) സ്വകാര്യ സ്ഥാപനങ്ങൾ | രൂപ 601.24 കോടി |
| (viii) ലൈസൻസികൾ | രൂപ 17.09 കോടി |
| ആകെ | രൂപ 1383.00 കോടി |
| (രൂപ ആയിരത്തി മുന്നൂറ്റി എൺപത്തിമൂന്ന് കോടി മാത്രം) | |

ഈ സർക്കാർ അധികാരത്തിൽ വരുന്ന കാലയളവിൽ ലഭ്യമായ കുടിശ്ശികയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. 31.03.2011-ലെ കണക്കനുസരിച്ച് കുടിശ്ശിക രൂപ 1191.01 കോടി വൈദ്യുത ബോർഡിനു പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| (i) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ | രൂപ. 146.19 കോടി |

| | | |
|---|---|---|
| (ii) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും | രൂപ 407.89 കോടി |
| (iii) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | രൂപ 7.70 കോടി |
| (iv) | കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ | രൂപ 1.86 കോടി |
| (v) | കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | രൂപ 17.01 കോടി |
| (vi) | അന്തർ സംസ്ഥാന ഊർജ്ജ വ്യപാരം | രൂപ 5.19 കോടി |
| (vii) | സ്വകാര്യ സ്ഥാപനങ്ങൾ | രൂപ 589.26 കോടി |
| ആകെ | | രൂപ 1,191.01 കോടി |

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദ വിവരം നൽകുമോ;

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(സി) എത്ര തുകയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇളവ് ചെയ്ത് നൽകി എന്നും ആർക്കെല്ലാമാണ് ഇളവ് നൽകിയതെന്നുമുള്ളവിവരങ്ങൾ നൽകുമോ?

(സി) എൽ.ടി, എച്ച്.ടി വിഭാഗങ്ങളായി പൂട്ടിക്കിടന്ന വ്യവസായശാലകൾ, പ്ലാന്റേഷനുകൾ എന്നിവ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ വൈദ്യുത ബോർഡിൽ നടപ്പിലാക്കുകയുണ്ടായി. ഇതുമൂലം ഉപഭോക്താക്കൾക്ക് അവരുടെ സ്ഥാപനം പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുകയുണ്ടായി. ഈ ഇനത്തിൽ നാളിതുവരെ (31.03.2013 വരെ) രൂപ 16.17 കോടി വൈദ്യുത ബോർഡ് ഇളവു ചെയ്തു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുത ബോർഡ് സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു

1. യഥാസമയം വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതബന്ധം വീഴ്ച കൂടാതെ വിച്ഛേദിക്കുക.

2. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.

3. ആറുമാസക്കാലത്തിലേറെയായി വിച്ഛേദിച്ചു കിടക്കുന്ന വൈദ്യുത കണക്ഷൻ ഇളക്കിമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

4. എൽ.ടി, എച്ച്.ടി വിഭാഗങ്ങളായി പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ പ്ലാന്റേഷനുകൾ എന്നിവ ഒരു നിശ്ചിത തീയതിയ്ക്കുമുമ്പേ തുറന്നു പ്രവർത്തിപ്പിക്കുകയാണെങ്കിൽ സ്ഥാപനം പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ് /ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകി ബോർഡിനു ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുക.

5. മൂന്ന് വർഷത്തിലേറെക്കാലമായുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക. ഈ പദ്ധതി പ്രകാരം കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ ഒടുക്കുകയും പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനം തുറന്നു പ്രവർത്തിക്കുകയോ കുടിശ്ശികക്കണക്കുകൾ അന്തിമമായി തീർക്കുകയാണെങ്കിലോ പലിശ 3 % ആയി ഇളവു ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 % ആയിരിക്കും. ടി ഇളവുകൾ "മുതൽ" ഒറ്റത്തവണയായി ഒടുക്കുന്നവർക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

"മുതൽ" തവണകളായി ഒടുക്കുകയും പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുകയോ കുടിശ്ശിക കണക്കുകൾ അന്തിമമായി തീർപ്പാക്കുകയോ ചെയ്യുന്ന ഉപഭോക്താക്കൾക്ക് പലിശ 6 % ആയി നിജപ്പെടുത്തിയിട്ടുണ്ട്. മുതൽ തവണകളായി ഒടുക്കുന്ന മറ്റ് ഉപഭോക്താക്കൾക്ക് 9 % പലിശ ആയിരിക്കും.

6. കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ കെട്ടിക്കിടക്കുന്ന വ്യവഹാരങ്ങൾ വേഗത്തിലാക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുക.

സെക്ഷൻ ഓഫീസർ